പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4247 03.02.2014 -ൽ മറുപടിക്ക്.

'ബാർമാൻ'മാർക്ക് നിയമാനുസൃതമുള്ള വേതനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) വിദേശ മദ്യബാറുകളിൽ ജോലിചെയ്യുന്ന ബാർമാൻമാർക്ക് നിലവിൽ ലഭ്യമാക്കുന്ന വേതനം വളരെ പരിമിതമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള വിദേശ മദ്യബാറുകളിൽ ജോലിചെയ്യുന്ന ജീവനക്കാരിൽ സ്റ്റാർ പദവിയുള്ള ബാറുകളിൽ ജോലി ചെയ്യുന്ന ബാർമാൻമാർക്ക് സർക്കാർ വിജ്ഞാപനത്തിലൂടെ നിശ്ചയിച്ച മിനിമം വേതനത്തേക്കാൾ മെച്ചപ്പെട്ട വേതനം ലഭിക്കുന്നുണ്ട്. എന്നാൽ മറ്റു ബാറുകളിലെ ജീവനക്കാർക്ക് വേതനം താരതമ്യേന പരിമിതമാണെന്ന് ശ്രദ്ധയിൽപ്പെട്ട അവസരങ്ങളിൽ തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർ പരിശോധന നടത്തി നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) എട്ട് മണിക്കൂറിലേറെ പ്രവർത്തിയെടുക്കുന്ന പ്രസ്തുത ജോലിക്കാരെ തൊഴിൽപരമായി ചൂഷണം ചെയ്യുവരുന്നതിനെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;<br><br>(സി) എങ്കിൽ ആയത് ഫലപ്രദമായി നടപ്പാക്കുന്നില്ല എന്നതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിന്മേൽ ഗൗരവമായ പരിഗണനയുണ്ടാകുമോ; | (ബി) & (സി) | തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഈ മേഖലയിൽ പരിശോധനകൾ നടത്തുകയും നിയമലംഘനം കണ്ടെത്തുന്ന അവസരങ്ങളിൽ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികളും കൈക്കൊണ്ടു വരുന്നു. ബാറുകളിലെ പ്രത്യേക തൊഴിൽ സാഹചര്യം കണക്കിലെടുത്ത് എട്ടു മണിക്കൂറിൽ കൂടുതൽ ബാർമാൻമാർക്ക് ജോലി ചെയ്യേണ്ടിവരുമ്പോൾ ഓവർടൈം ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോയെന്ന് പരിശോധനാ വേളയിൽ ഉറപ്പുവരുത്താറുണ്ട്. |

| | | |
|---|---|---|
| (ഡി) പ്രസ്തുത ജീവനക്കാർക്ക് നിയമാനുസൃതമുള്ള വേതനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ഇ) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഒരു പഠനം നടത്തി മതിയായ വേതനവും തൊഴിൽ അവകാശങ്ങളും ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) & (ഇ) | മിനിമം വേതന നിയമപ്രകാരം നിശ്ചയിച്ചിട്ടുള്ള വേതനം ലഭിക്കുന്നില്ല എന്ന പരാതികളിൽ നിയമാനുസൃതമായ നടപടി സ്വീകരിച്ചു വരുന്നതിനാൽ ഈ വിഷയത്തിൽ തൽക്കാലം പഠനം നടത്തേണ്ട ആവശ്യമില്ല. |

സെക്ഷൻ ആഫീസർ.